പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *635 — 10.07.2014 ൽ മറുപടിക്ക്.

## വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. തിലോത്തമൻ :<br>ശ്രീ. വി. എസ്. സുനിൽകുമാർ :<br>ശ്രീ. മുല്ലക്കര രത്നാകരൻ :<br>ശ്രീമതി ഇ. എസ്. ബിജിമോൾ : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശുപാർശയും നിർദ്ദേശങ്ങളും യുവജനകമ്മീഷനിൽ നിന്നും ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിലെ പ്രധാനപ്പെട്ട ശുപാർശകളും നിർദ്ദേശങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) ലഭിച്ചിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഇരിപ്പിടം, ടോയ്ലെറ്റ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തേണ്ടതാണെന്നും, ജോലി സമയം, വിശ്രമം എന്നീ വിഷയങ്ങളിൽ നിയമപരമായ പരിരക്ഷ ഉറപ്പ് വരുത്തേണ്ടതാണെന്നും, സംസ്ഥാന യുവജന കമ്മീഷൻ ശുപാർശ നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ബി) ഈ നിർദ്ദേശങ്ങളും ശുപാർശകളും നടപ്പാക്കുന്നത് സംബന്ധിച്ചുള്ള നിലപാട് വെളിപ്പെടുത്തുമോ? | (ബി) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം, സംസ്ഥാന വ്യാപകമായി 2013-14 കാലയളവിൽ 1906 ടെക്സ്റ്റയിൽ ഷോപ്പുകളിൽ പരിശോധനകൾ നടത്തി, തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും, നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനം നടത്തിയതായി കണ്ടെത്തിയ തൊഴിലുടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.